# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം.

## വൈദ്യുതി നിരക്ക് വർദ്ധന

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 2124 — 18-12-2012-ൽ മറുപടിക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>,, കെ. കെ. നാരായണൻ<br>,, കെ. ദാസൻ<br>,, ആർ. രാജേഷ് | ശ്രീ. ആര്യാടൻ മുഹമ്മദ്.<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി.) |
| (എ) വൈദ്യുതി നിരക്ക് വർദ്ധന, ഫ്യൂവൽ സർച്ചാർജ്ജ് എന്നിവയിൽ നിന്ന് ഏതെങ്കിലും വിഭാഗത്തെ ഒഴിവാക്കിയിട്ടുണ്ടോ ; | (എ) പ്രതിമാസം 120 യൂണിറ്റ് വരെ ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കളെയും എൽ.റ്റി..V കാർഷിക ഉപഭോക്താക്കളെയും വൈദ്യുതി നിരക്കു വർദ്ധനവിൽ നിന്നൊഴിവാക്കിയിട്ടുണ്ട്. പ്രതിമാസം 120 യൂണിറ്റ് വരെ ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കളെ ഇന്ധന സർച്ചാർജ്ജിൽ നിന്നൊഴിവാക്കിയിട്ടുണ്ട് |
| (ബി) എങ്കിൽ, കെ. എസ്.ഇ.ബി .യുടെ വരുമാനത്തിൽ ഉണ്ടായേക്കാവുന്ന കുറവ് എത്ര; | (ബി) പ്രതിമാസം 120 യൂണിറ്റ് വരെ ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കളെയും എൽ.റ്റി. V കാർഷിക ഉപഭോക്താക്കളെയും താരീഫ് വർദ്ധനവിൽ നിന്നൊഴിവാക്കുന്നതു വഴി ബോർഡിന് പ്രതിമാസം 25 കോടി രൂപയുടെ വരുമാന നഷ്ടം ഉണ്ടാകുമെന്ന് കണക്കാക്കിയിട്ടുണ്ട്. പ്രതിമാസം 120 യൂണിറ്റ് വരെ ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കളെ ഇന്ധന സർചാർജ്ജിൽ നിന്നും ഒഴിവാക്കുന്നത് വഴി പ്രതിമാസം ബോർഡിന് 8.54 കോടി രൂപയുടെ വരുമാന നഷ്ടം ഉണ്ടാകുമെന്ന് കണക്കാക്കിയിട്ടുണ്ട്. |

(സി) പ്രസ്തുത കുറവ് നികത്തുന്നതിന് സബ്സിഡി അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ ഈ ഇനത്തിൽ എത്ര തുക കെ.എസ് · ഇ · ബി.ക്ക് സർക്കാർ നൽകി?

(സി) പ്രതിമാസം 120 യൂണിറ്റ് വരെ ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കളെ ഇന്ധന സർചാർജ്ജിൽ നിന്നൊഴിവാക്കുന്നതു വഴി ബോർഡിനുണ്ടായ വരുമാന നഷ്ടം നികത്തുന്നതിനായി 2011 ഒക്ടോബർ മുതൽ 2012 മാർച്ച് വരെയുള്ള കാലയളവിലേക്ക് 54 കോടി രൂപയും 2012 ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയുള്ള കാലയളവിലേക്ക് 50 കോടി രൂപയും സബ്സിഡിയായി അനുവദിച്ചുകൊണ്ട് ഉത്തരവിറക്കിയിട്ടുണ്ട്.ഇതിൽ 2011 ഒക്ടോബർ മുതൽ 2012മാർച്ച് വരെയുള്ള കാലയളവിലേക്കുള്ള 54 കോടി രൂപ ക്യാഷ് സബ്സിഡിയായി ഗവൺമെന്റ് ബോർഡിന് നൽകിയിട്ടുണ്ട്

പ്രതിമാസം 120 യൂണിറ്റ് വരെ ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കളെയും, എൽ. റ്റി V കാർഷിക ഉപഭോക്താക്കളെയും താരീഫ് വർദ്ധനവിൽ നിന്നൊഴിവാക്കുന്നത് വഴി ബോർഡിനുണ്ടാകുന്ന വരുമാന നഷ്ടം നികത്തുന്നതിനായി പ്രതിമാസം 25 കോടി രൂപ സബ്സിഡിയായി അനുവദിച്ചുകൊണ്ട് ഉത്തരവിറക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ